പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3706 11.12.2018-ലെ മറുപടിക്ക്

## റോഡ് സുരക്ഷ ഫണ്ട്

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിനുവേണ്ടി റോഡ് സുരക്ഷ ഫണ്ടിൽ നിന്നും ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;വിശദീകരിക്കുമോ; | (എ) | 2007 ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ സെക്ഷൻ 13 അനുസരിച്ച് റോഡ് സുരക്ഷാ ഫണ്ട് താഴെ പറയുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.<br>1) റോഡ് സുരക്ഷാ പരിപാടികൾക്ക്;<br>2) റോഡ് സുരക്ഷ സംബന്ധിച്ച ബോധവല്ക്കരണ പരിപാടിക്ക്;<br>3) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ;<br>4) റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നല്കുന്നതിന്;<br>5) ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും;<br>6) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്;<br>7) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്;<br>8) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും.<br>"റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് |

| | | | |
|---|---|---|---|
| | | | സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉള്ള പരിശീലനം, ട്രാൻസ്പോർട്ട് - നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ വശങ്ങളിലും റോഡിലും കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് സുരക്ഷ ഫണ്ട് അനുവദിക്കുമോ; വിശദീകരിക്കുമോ; | (ബി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്. റോഡപകടങ്ങൾക്ക് ഹേതുവാകുന്നതോ വാഹന ഗതാഗതത്തിന്റെ സുഗമമായ ഒഴുക്കിന് വിഘാതമാകുന്നതോ ആയ സംഗതികൾ നീക്കം ചെയ്യുന്നതിനുള്ള ചെലവ് അതിന് ഉത്തരവാദികളാകുന്നവർ തന്നെയാണ് വഹിക്കേണ്ടത്. |
| (സി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പുതിയകാവ് ചക്കുവള്ളി റോഡിൽ ഗതാഗത തടസ്സമുണ്ടാക്കുന്ന അപകടകരമായ നിലയിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ റോഡ് സുരക്ഷ ഫണ്ട് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്. അപകടകരമായ അവസ്ഥയിലുള്ള പ്രസ്തുത ഇലക്ട്രിക് പോസ്റ്റുകൾ സംബന്ധിച്ച് കൊല്ലം ജില്ലാ റോഡ് സുരക്ഷ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**